നെൽകൃഷി | പൈതൃകം

ഷിനോജ് സുബ്രഹ്മണ്യൻ, പി.എ. വികാസ്

# പരസ്പരപൂരകം
# പൊക്കാളി കൃഷി



പൊക്കാളി നിലമൊരുക്കൽ

എറണാകുളം, തൃശൂർ, ആലപ്പുഴ ജില്ലകളുടെ തീരത്ത് മാത്രം കണ്ടുവരുന്ന പ്രത്യേകതരം കൃഷിരീതിയാണ് പൊക്കാളി. നെല്ലും ചെമ്മീനും ഇടവിട്ട് അൽപം പോലും രാസവസ്തുക്കൾ ഉപയോഗിക്കാതെ പൂർണ്ണമായും ജൈവകൃഷിയാണ് പൊക്കാളി. നെൽച്ചെടികളുടെ അവശിഷ്ടങ്ങൾ അടുത്ത കൃഷിയിലെ ചെമ്മീനുകൾക്ക് തീറ്റയാവുകയും ചെമ്മീനിന്റെ വിസർജ്ജ്യവും മറ്റ് അവശിഷ്ടങ്ങളും തുടർന്നു വരുന്ന നെല്ലിന് വളമാവുകയും ചെയ്യുന്ന പരസ്പരപൂരകമായ കൃഷി സംയോജനം ഇവിടെ സാധ്യമാകുന്നു. 2007-ൽ പൊക്കാളികൃഷിക്ക് ഭാരതസർക്കാരിന്റെ ഭൗമസൂചിക ലഭിക്കുകയും പൊക്കാളിഅരിക്ക് സ്വന്തമായി ഒരു ലോഗോ ലഭിക്കുകയുമുണ്ടായി. തുടർന്ന് 2011 ൽ കേന്ദ്ര ജൈവ വൈവിധ്യസംരക്ഷണ അതോറിട്ടിയുടെ പുരസ്കാരവും പൊക്കാളിക്ക് ലഭിച്ചു.

നാല് വശവും ബണ്ടുകളും ഒരു തൂമ്പും ചേർന്നതാണ്. ഒരു പൊക്കാളി കൃഷിയിടം. വേലിയേറ്റ-ഇറക്കങ്ങൾക്കനുസരിച്ച് തൂമ്പിലെ ഷട്ടറുകൾ ഉപയോഗിച്ച് ആവശ്യാനുസരണം പാടത്തേക്ക് വെള്ളം കയറ്റുകയോ ഇറക്കുകയോ ചെയ്യാം. തൂമ്പ് തുറക്കുന്നത് കൃഷിയിടത്തിന് പുറത്തുള്ള പുഴയിലേക്കായിരിക്കും. പൊക്കാളി പാടത്തിനുള്ളിൽ തൂമ്പിനോട് ചേർന്ന് തൂമ്പുകുഴി ഉണ്ടാവും. തൂമ്പുകുഴിയിൽ എപ്പോഴും വെള്ളവും ഉണ്ടാകും. ഈ തുമ്പുകുഴിയിലേക്ക് പാടത്തിന്റെ നടുവിലൂടെ ഒഴുകി വരുന്ന ഒരു ചാലുണ്ടാവും. പാടത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് നടുവിലുള്ള ഈ ചാലിലേക്ക് വെള്ളം ഒഴുകിയെത്തുന്നത് ചെറു ചാലുകളിലൂടെയാണ്. നടുവിലുള്ള ചാലിന് 4 മുതൽ 6 മീറ്റർ വരെ വീതിയും ഒന്നു മുതൽ 3.5 മീറ്റർ വരെ ആഴവും ഉണ്ടാവും. പുഴകളിലൂടെ ഒഴുകി വരുന്ന കറുത്ത ഫലഭൂയിഷ്ടമായ എക്കൽ മണ്ണാണ് പൊക്കാളി കൃഷിയിടങ്ങളിലുള്ളത്.

## കൃഷിരീതി

പൊക്കാളി പാടത്തെ പണികൾ ആരംഭിക്കുന്നത് ഏപ്രിൽ 14ന് ശേഷമാണ്. ആദ്യം ചെയ്യുന്നത് മുട്ടുചിറ അഥവാ തൂമ്പിന്റെ ഇരുവശങ്ങളിലുള്ള ബണ്ട് ബലപ്പെടുത്തലാണ്. ഒപ്പം കൃഷിയിടത്തിന് ചുറ്റുമുള്ള ബണ്ടുകളും ബലപ്പെടുത്തും. തുടർന്ന് മെയ് ആദ്യവാരം വാവ് കഴിഞ്ഞ് വെള്ളം വറ്റുന്ന സമയം നോക്കി തൂമ്പിന് പലകയിടും. അതിന് ശേഷം പാടത്ത് വെള്ളം കയറില്ല. എന്നാൽ ഊറി വരുന്ന വെള്ളം ഇടയ്ക്കിടെ

## പൊക്കാളികൃഷി ഭീഷണിയിൽ

*പൂർണ്ണമായും കാലാവസ്ഥയെ മാത്രം ആശ്രയിച്ചുള്ള ഈ കൃഷിരീതി ഇന്ന് തകർച്ചയുടെ വക്കിലാണ്. ചെമ്മീനിൽ കണ്ടുവരുന്ന വൈറസ് രോഗബാധ മൂലം ചെമ്മീൻ കൃഷി ലാഭകരമല്ലാതാവുകയും തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലിചിലവും യന്ത്രസംവിധാനങ്ങളുടെ അഭാവവും നിമിത്തം നെൽകൃഷി വിഷമകരവുമായ സാഹചര്യത്തിലാണിത്. പൊക്കാളി ഉത്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതും ഫാക്ടറികളിൽ നിന്നും പുറംതള്ളുന്ന മലിനജലം പൊക്കാളി-ജൈവ ആവാസ വ്യവസ്ഥ തകിടം മറിക്കുന്നതും ഈ കൃഷിയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുന്നു.*

പലക തുറന്ന് പുറത്തുവിടും. ഈ പ്രക്രിയയ്ക്ക് 'നിലമുണക്കൽ' എന്നും തൊഴിലാളിയെ 'ഉണക്കുകാരൻ' എന്നുമാണ് പറയുക. ഇപ്രകാരം ഒരാഴ്ചകൊണ്ട് വെള്ളം പൂർണ്ണമായും വറ്റും. ശേഷം പാടത്തിന് നടുവിലുള്ള തോടുകൾ ചളി മാറ്റി തെളിക്കലാണ് ജോലി. മെയ് 15-ാം തീയതിയോടെ ഈ 'തോട് പണി' കഴിയും. തുടർന്ന് പാടം നന്നായി വിണ്ട്കീറും. പിന്നീട് നന്നായി കിളച്ചിളക്കിയതിന് ശേഷം ഏക്കറിന് 100 കിലോഗ്രാം തോതിൽ കുമ്മായം വിതറും. കിളയ്ക്കുന്നതിനിടെ ഉണങ്ങാൻ താമസമുള്ള ചെറു തോടുകൾ ഉണ്ടാക്കി വെള്ളം വാർക്കുന്ന രീതിയുമുണ്ട്.

നന്നായി കിളച്ചിളക്കിയ പാടത്ത് വാരങ്ങൾ അഥവാ കണ്ണികൾ ഉണ്ടാക്കലാണ് അടുത്തപടി. 5 മുതൽ 7 ഇഞ്ച് വരെ പൊക്കവും 1.5 മുതൽ 2.5 അടിവരെ വീതിയും 8 മുതൽ 12 വരെ അടി നീളവുമുള്ളതാണ് വാരങ്ങൾ. ഇത്തരം കണ്ണികൾ ഉണ്ടാക്കുന്നത് കൃത്യമായ അകലത്തിലോ ഒരേ വലുപ്പത്തിലോ ആയികൊള്ളണമെന്നില്ല. 'നിലംപണി' കഴിഞ്ഞാൽ മഴയ്ക്കുവേണ്ടി കാത്തിരിപ്പായി.

ജൂൺ ആദ്യം പെയ്യുന്ന ആദ്യ മൂന്നോ നാലോ മഴയിൽ പാടത്തെ ഉപ്പുരസം മുഴുവൻ കഴുകിപ്പോവും. പാടത്തിന് പുറത്തുള്ള പുഴയിലും ഉപ്പുരസമില്ലാത്ത നല്ല വെള്ളം ആയിക്കഴിഞ്ഞാൽ തൂമ്പ് തുറന്ന് വെള്ളം അകത്ത് കയറ്റും. വാരങ്ങൾ മുങ്ങിയശേഷം ഉടൻ തന്നെ വെള്ളം ഇറക്കി വിടുകയും ചെയ്യും. തുടർന്ന് നിലം ഒന്നുകൂടി കൊത്തിക്കിളച്ച് പൊടിമഴയുള്ള ദിവസം നോക്കി മുളപ്പിച്ച വിത്ത് വിതയ്ക്കും. ഉപ്പുരസത്തിൽ വളരുന്ന പ്രത്യേക ഇനം പൊക്കാളി നെൽവിത്താണ് കൃഷിക്കുപയോഗിക്കുന്നത്. പരമ്പരാഗത വിത്തിനങ്ങൾക്കു പുറമെ കാർഷിക സർവകലാശാലയുടെ വൈറ്റില നെല്ല് ഗവേഷണ കേന്ദ്രം പൊക്കാളിക്ക് വികസിപ്പിച്ച വിവിധ ഇനം വിത്തുകളും ഉപയോഗിക്കാറുണ്ട്. ഏക്കറിന് 30 മുതൽ 40 വരെ കിലോ വിത്ത് വേണം. തുടർന്നു കുറച്ച് ദിവസം വിത്തിന് കാവലിരിക്കും. വെള്ളം കൂടി വാരങ്ങൾ മുങ്ങാനിടയായാൽ വിത്തുകൾ ഒഴുകിപ്പോകുമെന്നതു തന്നെ കാരണം. നാല് ദിവസമായാൽ ചെടികൾ 'സൂചിപ്പാക'വും 6 ദിവസമായാൽ 'പൊങ്ങൽപാക'വുമാകും. ഇത്തരത്തിൽ 8 ദിവസമെങ്കിലും വാരത്തിന് മുകളിൽ വെള്ളം കയറാതെ നോക്കണം. തുടർന്ന് വാരങ്ങൾക്കിടയിലുള്ള തോട്ടിലും പിന്നീട് 10-ാം ദിവസം വാരത്തിന് മുകളിലും വെള്ളം കയറ്റും. പിന്നീടുള്ള ദിവസങ്ങളിൽ രാവിലെ വെള്ളം വറ്റിക്കുകയും ഉച്ചയോടെ വെള്ളം കയറ്റുകയും ചെയ്യും. 14-ാം ദിവസം 'മുടി'മുക്കാതെ വെള്ളം കയറ്റണം. നട്ട് ഏതാണ്ട് 20 ദിവസം കഴിഞ്ഞാൽ കള പറിക്കലായി. 28 ദിവസങ്ങൾക്കു ശേഷം 'നിരത്തൽ' അഥവാ പറിച്ചുനടീൽ നടത്തും. നിരത്തുന്ന സമയത്ത് വെള്ളം കയറ്റില്ല. വാരങ്ങളിൽ നിന്ന് കൃഷിയിടത്തിനകത്തു തന്നെയുള്ള ഇടതോടുകളിലേക്കും തോടുകളിലേക്കും പറിച്ചു നടും. എന്നാൽ ആഴമുള്ള പ്രധാനതോട്ടിലേക്ക് പറിച്ചു നടുകയില്ല. പറിച്ചുനടീൽ കഴിഞ്ഞാൽ വേര് പിടിക്കുന്നതിനായി വെള്ളം കയറ്റും. ജൂലൈ 30 കഴിഞ്ഞാൽ ഇടയ്ക്കിടെ വെള്ളം വറ്റിക്കുന്ന പ്രക്രിയ നിർത്തും. തുടർന്ന് ഒക്ടോബർ ആദ്യവാരത്തോടെ വിളവെടുപ്പ് നടത്തും. വെള്ളത്തിൽ നിൽക്കുന്നതിനാൽ അഗ്രഭാഗത്തുള്ള കതിർമാത്രമേ വിളവെടുക്കൂ. വിളവെടുക്കുന്ന സമയത്ത് ചെടികൾക്ക് 1.5 മീറ്ററോളം നീളമുണ്ടാകും.

### ചെമ്മീൻ കൃഷി

ഒക്ടോബർ 15 ഓടെ വിളവെടുപ്പ് കഴിഞ്ഞ് പാടം കാലിയാകും. തുടർന്ന് കുറച്ചു ദിവസം താറാവുകളെ തീറ്റാൻ വിട്ടതിനുശേഷം നവംബർ ആദ്യവാരം (വൃശ്ചികം ഒന്ന്) മുതൽ ഏപ്രിൽ പകുതി (മീനം 30) വരെ പ്രസ്തുത സ്ഥലത്ത് ചെമ്മീൻ കൃഷിയിറക്കും. ഹാച്ചറികളിൽ ഉത്പാദിപ്പിക്കുന്ന കാരവിഭാഗത്തിൽപ്പെട്ടതും പ്രകൃത്യാ ലഭിക്കുന്ന നാരൻ വിഭാഗത്തിൽപ്പെട്ടതുമായ ചെമ്മീൻ കുഞ്ഞുങ്ങളെയാണ് ഉപയോഗിക്കുന്നത്. ഈ സമയത്ത് തൂമ്പിൽ വല വച്ചായിരിക്കും വെള്ളം കയറ്റിയിറക്കുന്നത്. പണ്ടു കാലങ്ങളിൽ ചെമ്മീന് പ്രത്യേക തീറ്റ കൊടുക്കുകയില്ലായിരുന്നു. എങ്കിലും ഇപ്പോൾ ചെമ്മീൻ വളർത്തൽ കൃത്രിമ തീറ്റ കൊടുത്തു തന്നെയാണ്. ഏപ്രിൽ 15ന് മുമ്പ് ചെമ്മീൻ വിളവെടുപ്പ് നടത്തണം. ഏപ്രിൽ 15 വരെയാണ് മീൻകൃഷിക്കുള്ള ലൈസൻസ്. 15ന് കെട്ടുകലക്കുന്നതോടെ നാട്ടിലെങ്ങും ഉത്സവപ്രതീതിയായി. നാട്ടുകാരെല്ലാവരും പൊക്കാളി പാടത്തിറങ്ങി ബാക്കിയുള്ള മീൻ പിടിക്കാൻ മൽസരമായിരിക്കും. ■

*വിവരങ്ങൾക്ക് കടപ്പാട്: കെ.എ. തോമസ്, സെക്രട്ടറി, കടമക്കുടി വരാപ്പുഴ ജൈവ പൊക്കാളി (ഐ.സി.എസ്)*

എറണാകുളം കൃഷിവിജ്ഞാന കേന്ദ്രം ശാസ്ത്രജ്ഞരാണ് ലേഖകർ

## പൊക്കാളിയിൽ അതിസാന്ദ്രതാ മത്സ്യകൃഷി

പരമ്പരാഗത ചെമ്മീൻ കൃഷിക്ക് പകരം പൊക്കാളി പാടങ്ങളിൽ കൂടുകളിലുള്ള അതിസാന്ദ്രതാ മത്സ്യകൃഷി നടത്തി പൊക്കാളി കൃഷിരീതിയെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) എറണാകുളം ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം നടത്തുന്നുണ്ട്. എറണാകുളം ജില്ലയിലെ ഏഴിക്കര പിഴല, കടമക്കുടി എന്നീ സ്ഥലങ്ങളിലെ പൊക്കാളി നിലങ്ങളിൽ അതിസാന്ദ്രതാ മത്സ്യകൃഷിയുടെ പ്രദർശനയൂണിറ്റുകൾ കേന്ദ്രത്തിനുണ്ട്.

**ഈ പരിപാടിയെക്കുറിച്ച് കൂടുതലറിയാനും വരും വർഷങ്ങളിൽ സഹകരിക്കാനും താൽപര്യമുള്ള കർഷകർ 9447993980 എന്ന നമ്പരിൽ ബന്ധപ്പെടണം.**

